**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5414 25/10/2011-ലെ മറുപടിക്ക്**

**നിർമ്മൽ മാധവിന്റെ എഞ്ചിനീയറിംഗ് പ്രവേശനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ) സ്വാശ്രയ കോളേജിൽ നിന്നും ഇന്റർ കോളേജ് ട്രാൻസ്ഫറിലൂടെ കോഴിക്കോട് വെസ്റ്റ് ഹിൽ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ നിർമ്മൽ മാധവൻ എന്ന വിദ്യാർത്ഥി കേരള എൻട്രൻസ് പരീക്ഷയിൽ നേടിയ റാങ്കും ഗവണ്മെന്റ് മെറിറ്റിൽ ആ വർഷത്തെ അവസാന അലോട്ട് മെന്റിന്റെ റാങ്ക് നമ്പരും വ്യക്തമാക്കാമോ; | എ) നിർമ്മൽ മാധവിന്റെ എഞ്ചിനീയറിംഗ് റാങ്ക് 22787 ആണ്. കോഴിക്കോട് വെസ്റ്റ് ഹിൽ എഞ്ചിനീയറിംഗ് കോളേജിലെ ആ വർഷത്തെ മെറിറ്റ് സീറ്റിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് കോഴ്സിന്റെ അവസാന അലോട്ട് മെന്റിന്റെ റാങ്ക് 1377-ഉം ഈഴവ ക്വാട്ടയിലെ റാങ്ക് 5646-ഉം ആണ്. |
| ബി) ഏത് ഗവണ്മെന്റ് ഓർഡറിലൂടെയാണ് നിർമ്മൽ മാധവ് എന്ന വിദ്യാർത്ഥി കോഴിക്കോട് വെസ്റ്റ് ഹിൽ ഗവണ്മെന്റ് കോളേജിൽ അഡ്മിഷൻ നേടിയതെന്ന് വ്യക്തമാക്കാമോ; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | ബി) റാഗിംഗിന് വിധേയനായി പഠനം നിർത്തേണ്ടി വന്ന വിദ്യാർത്ഥി ആയതിനാൽ നിർമ്മൽ മാധവിന് കോഴിക്കോട് വെസ്റ്റ് ഹിൽ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ മൂന്നാം വർഷ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒഴിവുള്ള സീറ്റിൽ പ്രവേശനം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുള്ള അടിയന്തിര നിർദ്ദേശം നൽകിക്കൊണ്ട് ബന്ധപ്പെട്ടവർക്ക് കത്തയയ്ക്കുകയാണ് ചെയ്തത്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**